➪ *സർക്കാരിന് മുന്നിൽ ഇനിയുള്ളത് മൂന്നും നാലും ഘട്ടങ്ങളാണ്* ➪

**കേരള** മോഡൽ വികസനത്തിന്റെ സവിശേഷത അത് ആദിവാസികളുടെയും ദലിതരുടെയും സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പുറന്തള്ളലിനെ സ്വാഭാവികമായി അദൃശ്യവൽക്കരിക്കുന്നു എന്നതാണ്. ലൈഫ് പദ്ധതി, ഭൂപരികരണ നിയമം, എയിഡഡ് മേഖല ഉൾപ്പെടെയുള്ള വിദ്യാഭ്യാസ മേഖല തുടങ്ങിയ ഏതുതരം വികസന പദ്ധതികളായാലും ആദിവാസികളും ദലിതരും ആവശ്യപ്പെടുന്നതല്ല അവർക്ക് നൽകുന്നത്. 'നിങ്ങൾക്ക് ഇത്രേം മതി', 'നിങ്ങളുടെ കാര്യങ്ങൾ ഞങ്ങൾ തീരുമാനിച്ചു കൊള്ളാം' എന്ന ഫ്യൂഡൽ മനോഘടനയും ബ്രാഹ്മണിക് അധികാര ബന്ധങ്ങളുമാണ് ഭരണകൂടവും ബ്യൂറോക്രസിയും ഇന്നും പിന്തുടരുന്നത്. 'പൊതുസമൂഹം' ഇതിൽ പൂർണ്ണ തൃപ്തരായതുകൊണ്ട് അവർ ഇക്കാര്യങ്ങളിൽ നിശബ്ദ തുടരുകയും ചെയ്യുന്നു. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് അടുത്തിടെയുണ്ടായ സർക്കാർ പ്രചാരണങ്ങളിലും പൊതു സംവാദങ്ങളിലും ഈ പ്രവണത ആവർത്തിക്കുന്നതായാണ് കാണാൻ കഴിയുന്നത്.

# ലൈഫ് പാർപ്പിട പദ്ധതി അഥവാ ആധുനിക ലക്ഷം വീട് കോളനികൾ

ദലിത് ആദിവാസി ജനതയുടെ ഭൂമി എന്ന അവകാശത്തെയും വിഭവങ്ങളുടെ പുനർ വിതരണത്തെയും സ്വത്തുടമസ്ഥതാ അവകാശത്തെയുമാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ പിണറായി സർക്കാർ റദ്ദ് ചെയ്തിരിക്കുന്നത്. കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്കും ദളിതർക്കും ഇതര ഭൂരഹിതർക്കും ഇനി ഒരുതുണ്ട് ഭൂമി ലഭിക്കില്ല. പകരം അവർക്ക് നൽകുന്നത് ആധുനിക ലക്ഷം വീട് കോളനികളായ ഫ്ളാറ്റ് സമുച്ചയങ്ങൾ ആയിരിക്കും.

**■ കെ. സന്തോഷ് കുമാർ**

ഭവനരഹിതരായി കണക്കാക്കപ്പെട്ട 5,72,000 കുടുംബങ്ങളിൽ 2,14,262 കുടുംങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ (Livelihood Inclusion and Financial Empowerment) വീട് നിർമ്മിച്ച് നൽകിയതിന്റെ ഔദ്യോഗിക പ്രഖ്യാപനമാണ് കഴിഞ്ഞ ശനിയാഴ്ച ( 29/02/2020 ) പുത്തരിക്കണ്ടം മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയത്. 1. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, 2. ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം, 3. ഭൂരഹിത ഭവനരഹിതരുടെ പാർപ്പിട സമുച്ചയ നിർമ്മാണം, 4. വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ എന്നീ നാല് ഘട്ടങ്ങളിലായി നടപ്പിലാക്കപ്പെടുന്ന ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ഗുണഭോക്താക്കൾക്കാണ് ഇപ്പോൾ വീട് നൽകിയിരിക്കുന്നത്. ഔദ്യോഗിക രേഖകൾ പരിശോധിക്കുമ്പോൾ സർക്കാരിന്റെ ഈ അവകാശവാദത്തിൽ നിരവധി പൊരുത്തക്കേടുകൾ കാണാൻ കഴിയുമെങ്കിലും ഈ ലേഖനത്തിന്റെ ലക്ഷ്യം അതല്ലാത്തതുകൊണ്ട് ഇവിടെ വിശദമാക്കുന്നില്ല. സർക്കാരിന് മുന്നിൽ ഇനിയുള്ളത് മൂന്നും നാലും ഘട്ടങ്ങളാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭൂമിയും വീടും ഇല്ലാത്തവർക്ക് താമസിക്കാൻ ഫ്ളാറ്റ് നൽകുന്ന പാർപ്പിട സമുച്ചയ പദ്ധതി. ആദിവാസികളെയും ദലിതരെയും ഇതരഭൂരഹിതരായ പാർശ്വവത്കൃതരെയും വഞ്ചിക്കുന്ന രാഷ്ട്രീയ അജണ്ട ഒളിഞ്ഞിരിക്കുന്നത് ഈ മൂന്നാംഘട്ട പദ്ധതിയിലാണ്. കേരള വികസന മാതൃകയായി ആഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ലൈഫ് പാർപ്പിട പദ്ധതിയിലൂടെ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഫ്ളാറ്റ് നൽകി കഴിയുമ്പോൾ ആയിരക്കണക്കിന് ലക്ഷംവീട്

കോളനികൾ ആയിരിക്കും കേരളത്തിൽ പുതിയതായി ഉയരുന്നത്.

**സാമൂഹിക പുറന്തള്ളലും കോളനിവൽക്കരണവും**

ലൈഫ് പാർപ്പിട സമുച്ചയ പദ്ധതിയുടെ ഏറ്റവും വലിയ ചതി ഫ്ളാറ്റുകളുടെ ഉടമസ്ഥത ഭൂരഹിത ഭാവനരഹിത കുടുംബങ്ങൾക്ക് ആയിരിക്കില്ല എന്നതാണ്. പദ്ധതിയുടെ നിയമാവലി അനുസരിച്ച് ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയിരിക്കും. താമസാവകാശം മാത്രമായിരിക്കും ഗുണഭോക്താവിന് ഉണ്ടായിരിക്കുന്നത്. ഗുണഭോക്താവിനോ അവകാശികൾക്കോ ആയുഷ്കാലം അവിടെ ജീവിക്കാമെന്നല്ലാതെ യാതൊരു ഉടമസ്ഥതയും ഉണ്ടായിരിക്കില്ല. ഗുണഭോക്താവ് ഏതെങ്കിലും തരത്തിൽ ഫ്ളാറ്റ് കൈമാറ്റം ചെയ്തതായി തദ്ദേശ സ്വയംഭരണ വകുപ്പിന് ബോധ്യപ്പെട്ടാൽ അവരെ ഒഴിപ്പിക്കാനും അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരം ഉണ്ടായിരിക്കും. ഗുണഭോക്താവിന് അനന്തര അവകാശികൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ വകുപ്പിന് ഈ ഫ്ളാറ്റ് ഏറ്റെടുക്കുവാൻ അധികാരം നൽകുന്ന വ്യവസ്ഥകളും ലൈഫ് പദ്ധതിയിലുണ്ട്. ഭൂരഹിതരായ ആദിവാസികളോടും ദലിതരോടും ഇതരഭൂരഹിതരോടും ഉള്ള കടുത്ത വഞ്ചനയാണ് ഈ വ്യവസ്ഥകൾ. ദലിതരേയും ആദിവാസികളെയും എക്കാലവും ആശ്രിത ജനതയായി നിലനിർത്തുക എന്നതാണ് ലൈഫ് ഫ്ളാറ്റ് പദ്ധതിയിലൂടെ ഇടതു സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തം.

സംസ്ഥാനത്ത് ഭൂരഹിത-ഭവനരഹിതരായ 3,28,000 കുടുംബങ്ങളെ ലൈഫ് മിഷൻ നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത 2,29,310 കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചങ്ങൾ അഥവാ ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ആദ്യഘട്ട ഗുണഭോക്താക്കളായ 1,07393 കുടുംങ്ങൾക്ക് ഫ്ളാറ്റുകൾ നൽകും. അതായത് കേരളത്തിലെ ഭൂരഹിതരായ ദലിതർക്കും ആദിവാസികൾക്കും ഇതരഭൂരഹിതർക്കും ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുകയാണ് സർക്കാർ ചെയ്യുന്നത്. ദലിത് ആദിവാസി ജനതയുടെ ഭൂമി എന്ന അവകാശത്തെയും വിഭവങ്ങളുടെ പുനർവിതരണത്തെയും സ്വത്തുടമസ്ഥതാ അവകാശത്തെയുമാണ് പിണറായി സർക്കാർ റദ്ദ് ചെയ്തിരിക്കുന്നത്. കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്കും ദളിതർക്കും ഇതര ഭൂരഹിതർക്കും ഇനി ഒരുതുണ്ട് ഭൂമി ലഭിക്കില്ല. പകരം അവർക്ക് നൽകുന്നത് ആധുനിക ലക്ഷം വീട് കോളനികളായ ഫ്ളാറ്റ് സമുച്ചയങ്ങൾ ആയിരിക്കും.

ഭൂരഹിത ഭവനരഹിതരുടെ എണ്ണമനുസരിച്ച് താലൂക്കിൽ/പഞ്ചായത്തിൽ നൂറോ അതിലധികമോ കുടുംബങ്ങളെ ഒന്നിപ്പിച്ചു താമസിപ്പിക്കാൻ കഴിയുന്ന ഫ്ളാറ്റ്/പാർപ്പിട സമുച്ചയമാണ് സർക്കാർ ലക്ഷ്യം. ഓരോ ഫ്ളാറ്റിന്റെയും വിസ്തീർണ്ണം 400 സ്ക്വയർ ഫീറ്റ് മാത്രമാണ്. സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പരമാവധി 450 സ്ക്വയർ ഫീറ്റ്. ആദ്യമിത് 350 സ്ക്വയർ ഫീറ്റായിരുന്നു. വിവിധ കോണുകളിൽ നിന്ന് വിമർശനങ്ങൾ ഉയർന്നതിനെ തുടർന്നാണ് സർക്കാർ പുനഃപരിശോധനയ്ക്ക് തയ്യാറായത്. അച്ഛനും അമ്മയും രണ്ടോ മൂന്നോ മക്കളും പിന്നെ വൃദ്ധമാതാപിതാക്കളും അടങ്ങുന്ന ഒരു ശരാശരി കുടുംബം മരണം വരെ കഴിയേണ്ടിവരുന്നത് ഈ ഫ്ളാറ്റിലാണ്. ഈ കുടുംബങ്ങളിലെ പുതുതലമുറ കുടുംബങ്ങൾ എവിടെ താമസിക്കും? എവിടെ വീട് വയ്ക്കും? ലൈഫ് പാർപ്പിട സമുച്ചയ പദ്ധതിയ്ക്ക് മുൻപ് തന്നെ നിരവധി ഫ്ളാറ്റ് പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കപ്പെട്ടിട്ടുണ്ട്. ഒരു ശരാശരി കുടുംബത്തിന് ജീവിക്കാൻ കഴിയാത്ത വിസ്തൃതിയിൽ നൽകുന്ന ഫ്ളാറ്റുകളിൽ പുതുതലമുറ കുടുംബങ്ങൾ വിവാഹം കഴിച്ചു കഴയുമ്പോൾ മാതാപിതാക്കളോ സഹോദരങ്ങളോ ബന്ധുക്കളോ ഫ്ളാറ്റുകളുടെ ഇടനാഴികളിലും വശങ്ങളിലും പടികളുടെ അടിഭാഗങ്ങളിലും വരെ ഷീറ്റുകൾ കെട്ടി ജീവിക്കുകയും ക്രമേണ ജനസംഖ്യാ ആധിക്യത്താൽ ഇവ കോളനികളായി പരിണമിക്കുകയുമാണ് ചെയ്യുക. 'ഭൂമിശാസ്ത്രപരമായി കോളനികൾ കേരളത്തിനകത്താണെങ്കിലും കേരളം ബഹിഷ്കരിച്ച ജീവിത ഇടങ്ങളാണ് ഇത്' (സണ്ണി.എം കപിക്കാട്) എന്ന നിരീക്ഷണം പകൽ പോലെ വ്യക്തമായി നമുക്ക് മുന്നിൽ നിൽക്കുന്നു. ഇത്തരം സാമൂഹിക സാഹചര്യങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കുകയും ജോലി സമ്പാദിക്കുകയും കോളനിക്ക് പുറത്തുപോയി മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നത് പുതുതലമുറയിലെ ചുരുക്കം ആളുകൾ

> ഭൂരഹിത ഭവനരഹിതരുടെ എണ്ണമനുസരിച്ച് താലൂക്കിൽ/ പഞ്ചായത്തിൽ നൂറോ അതിലധികമോ കുടുംബങ്ങളെ ഒന്നിപ്പിച്ചു താമസിപ്പിക്കാൻ കഴിയുന്ന ഫ്ളാറ്റ്/പാർപ്പിട സമുച്ചയമാണ് സർക്കാർ ലക്ഷ്യം. ഓരോ ഫ്ളാറ്റിന്റെയും വിസ്തീർണ്ണം 400 സ്ക്വയർ ഫീറ്റ് മാത്രം. ആദ്യമിത് 350 സ്ക്വയർ ഫീറ്റായിരുന്നു. വിവിധ കോണുകളിൽ നിന്നും വിമർശനങ്ങൾ ഉയർന്നതോടെയാണ് സർക്കാർ പുനഃപരിശോധനയ്ക്ക് തയ്യാറായത്. അച്ഛനും അമ്മയും മക്കളും വൃദ്ധമാതാപിതാക്കളും അടങ്ങുന്ന ഒരു ശരാശരി കുടുംബം മരണം വരെ കഴിയേണ്ടിവരുന്നത് ഈ ഫ്ളാറ്റിലാണ്.

**ഗുണഭോക്താക്കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കേണ്ട നിബന്ധനകൾ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം നിർമ്മിച്ച ഭവന സമുച്ചയത്തിലെ അപ്പാർട്ടുമെന്റുകളുടെ ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും താമസാവകാശം ഗുണഭോക്താവിനുമാണ്. ഭവന സമുച്ചയങ്ങളുടെ സുഗമമായ നടത്തിപ്പിലും ഗുണഭോക്താക്കളുടെ സംരക്ഷണത്തിനുമായി ചുവടെപ്പറയുന്ന നിബന്ധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനവും ഗുണഭോക്താവും പാലിക്കേണ്ടതാണ്.

ലൈഫ് മിഷൻ ഭവന സമുച്ചയങ്ങളുടെ മാർഗ്ഗരേഖയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിന്നും

മാത്രമാണ്. ബഹുഭൂരിപക്ഷവും ഭൂരഹിതരായി ഭാവനരഹിതരായി വീണ്ടും കോളനികളിൽ അവശേഷിക്കും. ഭൂപരിഷ്ക്കരണാനന്തരം നടന്ന കോളനിവല്ക്കരണത്തിന്റെ തുടർച്ച തന്നെയാണ് ഈ ഫ്ളാറ്റ് പദ്ധതിയും. കേരളത്തിലെ 26193 ദളിത് കോളനികളും 4167 ആദിവാസി കോളനികളും ഒരു ജനതയുടെ എല്ലാത്തരം സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പുറന്തള്ളലിനും കാരണമായി എന്ന യാഥാർത്ഥ്യം നിലനിൽക്കെയാണ് സർക്കാർ വീണ്ടും കോളനികൾ സൃഷ്ടിക്കുന്നത്. യാതൊരുവിധത്തിലുമുള്ള സാമൂഹിക ആഘാത പഠനങ്ങളും നടത്താതെയാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നത്.

ലൈഫ് ഫ്ളാറ്റ് പദ്ധതി പ്രകാരം 4 ലക്ഷം രൂപയ്ക്ക് നിർമ്മിച്ചു നൽകുന്ന ഫ്ളാറ്റുകൾ വാടകയ്ക്കു നല്കുവാനോ വില്പന നടത്തുവാനോ സാധ്യമല്ല. മാത്രമല്ല 15 വർഷം കൊണ്ട് 4 ലക്ഷം രൂപയുടെ നിശ്ചിത ശതമാനം പലിശയായി തിരിച്ചു അടക്കുകയും വേണം. ഫ്ളാറ്റ് / വീട് ഉൾപ്പെടെയുള്ള വസ്തുവിന്റെ മൂല്യം എന്ന് പറയുന്നത് അതിന്റെ ക്രയവിക്രയ മൂല്യമാണ്. ഉടമസ്ഥത നിഷേധിച്ചുകൊണ്ട് ഇതിനെയാണ് സർക്കാർ ഇല്ലാതാക്കുന്നത്. അതുകൊണ്ട് തന്നെ ഫ്ളാറ്റ് ഗുണഭോക്താക്കളുടെ മക്കളുടെ പഠനം, ജോലി, വിവാഹം, കച്ചവടം, വിദേശത്തേയ്ക്ക് പോകൽ തുടങ്ങിയ സാമ്പത്തികമായ ആവശ്യങ്ങളെ നിറവേറ്റാൻ ഈ ഫ്ളാറ്റുകൾ ഉപകരിക്കില്ല. ക്രയവിക്രയ മൂല്യമില്ലാത്ത, ജീവനില്ലാത്ത കെട്ടിടങ്ങളിൽ സർക്കാരിന്റെ വാടകക്കാരായി ആദിവാസികൾക്കും ദലിതർക്കും ജീവിതകാലം മുഴുവൻ കഴിയാമെന്ന് ചുരുക്കം. ഫ്ളാറ്റുകളുടെ ഉടമസ്ഥത തദ്ദേശവകുപ്പിനായിരിക്കുന്നതിനാൽ ഭൂരഹിതരും ഭാവനരഹിതരുമായ മനുഷ്യർക്ക് അന്തിയുറങ്ങാൻ മാത്രം കഴിയുന്ന വാടക കെട്ടിടം മാത്രമാണ് ലൈഫ് ഫ്ളാറ്റുകൾ. കേരളത്തിലെ ആദിവാസികൾക്കും, ദളിതർക്കും, മത്സ്യത്തൊഴിലാളികൾക്കും, ഇതര പിന്നോക്ക ജനങ്ങൾക്കും ഇത്രയൊക്കെ മതിയെന്നും അതാണ് 'ലൈഫ്' എന്നും നിശ്ചയിക്കുന്ന ഈ ബോധം തന്നെയല്ലേ ജാതീയതയും വംശീയതയും.

ഭൂമി ഏറ്റെടുക്കാനുള്ള ബുദ്ധിമുട്ടും സാമ്പത്തിക ഞെരുക്കവുമാണ് ഭൂരഹിതർക്കും ഭവനരഹിതർക്കും ഭൂമി നൽകി വീട് വെക്കുന്നതിനുള്ള ധനസഹായം നൽകുന്നതിന് തടസ്സം എന്നാണ് സർക്കാർ ഭാഷ്യം. ഇത് തികച്ചും വസ്തുതാവിരുദ്ധതയാണ്. ഭൂമി ഏറ്റെടുക്കാൻ രാജമാണിക്യം കമ്മീഷൻ ഉൾപ്പെടെയുള്ള വിവിധ കമ്മീഷനുകൾ നൽകിയ ഒരു റിപ്പോർട്ട് പോലും സർക്കാർ ഇതുവരെ തള്ളിയിട്ടില്ല. എന്നിട്ടും എന്തുകൊണ്ടാണ് അവ നടപ്പിലാക്കാത്തത്? ആദിവാസികൾക്ക് വിതരണം ചെയ്യേണ്ട മുത്തങ്ങ പാക്കേജ് ഭൂമി ഉൾപ്പെടെ ആയിരക്കണക്കിന് ഏക്കർ ഭൂമി സംസ്ഥാനത്ത് ഉള്ളപ്പോൾ ആദിവാസികളെ എന്തിനാണ് ഈ ഫ്ളാറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ? നിലമ്പൂർ പാടിക്കുന്നിൽ ഇപ്പോൾ തന്നെ 24 ആദിവാസി കുടുംബങ്ങളെയാണ് ഒറ്റമുറി ഫ്ളാറ്റിൽ താമസിപ്പിച്ചിരിക്കുന്നത്.

ലൈഫ് ഫ്ളാറ്റ് പദ്ധതിയുടെ പൈലറ്റ് പദ്ധതിയാണ് ഇടുക്കി അടിമാലി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിരിക്കുന്ന ഫ്ളാറ്റ് സമുച്ചയം. ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച 217 അപ്പാർട്ട്മെന്റുകളുള്ള ഈ ഫ്ളാറ്റ് പദ്ധതിയ്ക്ക് ചിലവായിരിക്കുന്നത് 24.82 കോടി രൂപയാണ്. അതായത് 450 സ്ക്വയർ ഫീറ്റുള്ള ഒരു അപ്പാർട്ട്മെന്റിനും അനുബന്ധമായും ചിലവായിട്ടുള്ളത് 11.44 ലക്ഷം രൂപ ! പതിനൊന്നര ലക്ഷം രൂപയ്ക്ക് എത്ര മനോഹരമായ വീട് വയ്ക്കുവാൻ കഴിയും. എത്രയോ നല്ല സാമൂഹികാവസ്ഥയിൽ ഈ കുടുംബങ്ങൾക്ക് ജീവിക്കാൻ കഴിയും. വാർഡ് തലത്തിൽ നിർമ്മിക്കുന്ന ഓരോ വീട്ടിൽ നിന്നും പ്രാദേശിക കോൺട്രാക്ടർമാർക്കും ഉദ്യോഗസ്ഥ-രാഷ്ട്രീയക്കാർക്കും അഴിമതി നടത്താം എന്നതിൽ നിന്നും വ്യത്യസ്തമായി, ഫ്ളാറ്റ് നിർമ്മാണ ഏജൻസികൾക്ക് ഒന്നിച്ചു കരാർ നൽകുക വഴി ഉന്നത ഉദ്യോഗസ്ഥർക്കും മന്ത്രിതലത്തിലുള്ളവർക്കും നേരിട്ട് അഴിമതി നടത്താം എന്നൊരു മെച്ചം ഈ ഫ്ളാറ്റ് പാർപ്പിട പദ്ധതികൾക്കുണ്ട്.

ജാതിയുടെ ശ്രേണീകൃതമായ അസമത്വങ്ങൾ കൊണ്ടും അധികാരബന്ധങ്ങൾ കൊണ്ടും പുറന്തള്ളപ്പെട്ടു പോയ ആദിവാസികളും ദളിതരും സാമൂഹിക രാഷ്ട്രീയ സാമ്പത്തിക അധികാരങ്ങൾ തിരിച്ചുപിടിക്കുന്നതിനും സ്വത്തുടമസ്ഥ നേടിയെടുക്കുന്നതിനുമാണ് ഭൂമിയിൽ ഉടമസ്ഥതയും അധികാരവും വിഭവാധികാരവും വേണമെന്നു വിവിധ സമരങ്ങളിലൂടെ ഉന്നയിക്കുന്നത്. 1912 ൽ മഹാത്മാ അയ്യങ്കാളി തിരുവിതാംകൂർ പ്രജാസഭയിൽ കന്നി പ്രസംഗം നടത്തുമ്പോൾ ആദ്യമായി ആവശ്യപ്പെട്ടത് എന്റെ ജനതയ്ക്ക് നെയ്യാറ്റിൻകര, വിളവംകോട്, നെടുമങ്ങാട്, തിരുവനന്തപുരം താലൂക്കുകളിലെ പുതുവൽ ഭൂമികൾ പതിച്ചു നൽകണമെന്നാണ്. ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും അടിസ്ഥാന ജനത ഇപ്പോഴും ഭൂമിയ്ക്ക് വേണ്ടി സമരം ചെയ്യുന്നു എന്നതും സർക്കാർ

അവരെ ഭൂമിയിൽ നിന്നും വിഭവങ്ങളിൽ നിന്നും അകറ്റി നിർത്തിയിരിക്കുന്നു എന്നതുമാണ് കേരള നവോത്ഥാനത്തിന്റെ ബാക്കിപത്രം.

കേരളത്തിന്റെ സമഗ്ര സാമൂഹിക സാമ്പത്തിക പുരോഗതിക്ക് ഭൂമിയുടെയും വിഭവങ്ങളുടെയും പുനർവിതരണം അനിവാര്യമായിരുന്നിട്ടും ഇടതുപക്ഷ സർക്കാർ അതിനു തയ്യാറാകുന്നില്ല. “വർത്തമാന കാല സ്വത്തുടമാബന്ധങ്ങളെ സാമൂഹികമായി പരിവർത്തനപ്പെടുത്താനുള്ള രാഷ്ട്രീയമായ ഇച്ഛാശക്തി ഇല്ലായ്മയാണ് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പ്രസക്തിയില്ലായ്മയെ വിളിച്ചോതുന്നത്” എന്ന കെ.കെ. കൊച്ചിന്റെ നിരീക്ഷണം പ്രസക്തമാകുന്നത് ഇവിടെയാണ്. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേത് ആകും എന്ന് പ്രതീക്ഷിച്ച ദലിത് ആദിവാസികൾ ഭൂപരിഷകരണത്തിനു ശേഷം വഞ്ചിക്കപ്പെട്ടു എന്ന ബോധ്യത്തിൽ നിന്നാണ് അമ്പുകുത്തിയും, പനവല്ലിയും, മുത്തങ്ങയും, ചെങ്ങറയും അരിപ്പയും, നിൽപ്പ് സമരവുമെല്ലാം രൂപപ്പെടുന്നത്. സമരങ്ങളിലൂടെ സ്വയംഭരണാധികാരവും വനാവകാവശവും ഉന്നയിക്കുന്നത്. സമരപോരാട്ടങ്ങളിലൂടെ ഭൂമിക്കായി നിരവധി കരാറുകൾ ഉണ്ടാകുന്നത്. എന്നാൽ ഇതിന്റെയെല്ലാം അന്തസത്തയെയാണ് ഇടതുപക്ഷ സർക്കാർ ഇപ്പോൾ അട്ടിമറിച്ചിരിക്കുന്നത്. കേരളത്തിലെ ഭൂരഹിതർക്ക് ഒരുതുണ്ട് ഭൂമി പോലും നൽകാതെ അവരെയെല്ലാം ഫ്ളാറ്റ് പാർപ്പിട സമുച്ചയം എന്ന ആധുനിക ലക്ഷംവീട് കോളനിയിലേക്ക് തള്ളിമാറ്റുകവഴി ഭൂരഹിതരുടെ വിഭവാധികരത്തിനും സാമൂഹികനീതിക്കും സ്വത്തുടമസ്ഥതയ്ക്കും വാസയോഗ്യമായ പാർപ്പിടത്തിനുമുള്ള അവകാശത്തിൽ നിന്നും ഇടതുപക്ഷ സർക്കാർ ഒഴിഞ്ഞുമാറുകയാണ്.

ടാറ്റ-ഹാരിസൺ ഉൾപ്പടെയുള്ള കുത്തകകൾ വ്യാജ ആധാരത്തിലൂടെയും നിയമവിരുദ്ധമായും കൈവശം വയ്ക്കുന്ന 5.25 ലക്ഷത്തിലധികം വരുന്ന തോട്ടംഭൂമി നിയമനിർമ്മാണത്തിലൂടെ ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്ന് പ്രക്ഷോഭങ്ങളിലൂടെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് കേരളത്തിലെ ആദിവാസി ദലിത് ഭൂരഹിതരാണ്. തോട്ടംഭൂമി സമഗ്രനിയമനിർമ്മാണത്തിലൂടെ ഏറ്റെടുക്കണമെന്ന ഡോ. രാജമാണിക്യം റിപ്പോർട്ട് നടപ്പിലാക്കണമെന്ന് നിരന്തരം ആവശ്യപ്പെടുന്നതും കേരളത്തിലെ ഭൂരഹിതരാണ്. കേരളത്തിലെ മുഴുവൻ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും ഫ്ളാറ്റ് നൽകി, ഭൂരഹിതർ പട്ടികയിൽ നിന്നും ഇല്ലാതായാൽ പിന്നെന്ത് ഭൂപ്രശ്നം! ഭൂരഹിതർ ഇല്ലാതായാൽ കേരളത്തിൽ ഭൂരാഷ്ട്രീയവും ഭൂസമരങ്ങളും ഉയർന്നുവരില്ലെന്നാണ് ഇടതുപക്ഷ ഭരണകൂടം കണക്കുകൂട്ടുന്നത്. ചുരുക്കത്തിൽ, ടാറ്റ-ഹാരിസൺ ഉൾപ്പെടെയുള്ള സ്വകാര്യ കുത്തകളുടെയും കോർപ്പറേറ്റുകളുടെയും ഒരു സെന്റ് ഭൂമി പോലും സർക്കാരിന് ഏറ്റെടുക്കേണ്ടി വരില്ല. ടാറ്റ-ഹാരിസൺ ഉൾപ്പടെയുള്ള കുത്തകൾ അഞ്ച് ലക്ഷത്തിലധികം ഏക്കർ ഭൂമി കയ്യടക്കി വെച്ചിട്ടുണ്ടെന്നും ഇത് ഏറ്റെടുക്കണമെന്നും ആറോളം കമ്മീഷൻ റിപ്പോർട്ടുകളും ഹൈക്കോടതി വിധിയും വിജിലൻസ് റിപ്പോർട്ടും സർക്കാരിന്റെ മുന്നിലുണ്ട്. ഇവയെല്ലാം ഒന്നൊന്നായി ഇടതുപക്ഷ സർക്കാർ അട്ടിമറിക്കുകയാണ് ചെയ്തത്.

പ്രതിപക്ഷ കക്ഷികളായ കോൺഗ്രസ്സിനും ബി.ജെ.പിക്കും ലൈഫ് പദ്ധതി സൃഷ്ടിക്കുന്ന അനീതിക്കെതിരെ മൗലികമായി സമരം ചെയ്യാൻ താത്പര്യമില്ല. അവർക്കെല്ലാം ഈക്കാര്യത്തിൽ ഏകാഭിപ്രായമാണ്. അടിസ്ഥാന ജനതയ്ക്കെതിരായ ഗൂഢാലോചനയിൽ അവരെല്ലാം ഒന്നാണ്. ഒരുപക്ഷത്ത് ഭൂമിയിൽ നിന്നും ആവാസവ്യവസ്ഥയിൽ നിന്നും പിഴുതെറിയപ്പെടുന്ന മനുഷ്യരും മറുപക്ഷത്ത് ഈ അധികാരവർഗ്ഗങ്ങളും നിലയുറപ്പിക്കുന്ന കാഴ്ചയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. ജാതിയുടെ ഘടനാപരമായ അധികാരബന്ധങ്ങളാൽ സാമൂഹിക- രാഷ്ട്രീയാധികാരത്തിന് പുറത്ത് നിൽക്കേണ്ടിവന്നവർ, അതിനെ മറികടക്കാനായി ഭൂ ഉടമസ്ഥതയും വിഭവാധികാരവും ആവശ്യപ്പെടുമ്പോൾ അവരെ വീണ്ടും കോളനിവൽക്കരിക്കുന്നത് ഈ ജനതയെ എക്കാലവും സാമൂഹിക-രാഷ്ട്രീയ അധികാരങ്ങളിൽ നിന്നും അകറ്റിനിർത്തുന്നതിനുള്ള തന്ത്രമായിത്തന്നെ വിലയിരുത്തേണ്ടതുണ്ട്. ■


STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form-1V)

| | |
|---|---|
| 1. Place of Publication | : Thrissur |
| 2. Periodicity of the Publication | : Monthly |
| 3. Printer's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 4. Publisher's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 5. Editor's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 6. Name and address of the individual who own the newspaper and partners or shareholders holding more than one percent of the total capital | : Sharat. S, Keraleeyam, Municipal Market Building, Kokkalai, Thrissur - 680 021 |

I, Sharat. S, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

1.03.2020